**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 16** | **07-06-2021 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ഐ ബി സതീഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നീതിപൂർവ്വമായ നിർവ്വഹണത്തിലൂടെ കഴിഞ്ഞ സർക്കാർ നടത്തിയ മാതൃകാപരവും പ്രശംസനീയവുമായ പ്രവർത്തനങ്ങൾ പിന്തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് മുതൽ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി ഓൺലൈൻ ആയാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷ നേരിട്ടോ ഓൺലൈൻ ആയോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനപ്രതിനിധികളുടെ ഓഫീസ് മുഖേനയോ തപാൽ മാർഗ്ഗത്തിലോ സമർപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന പ്രത്യേകതകൾ കൂടി ഈ സംവിധാനത്തിനുണ്ട്. 1. അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചുകൊണ്ടുള്ള SMS സംവിധാനം. 2. അപേക്ഷകന് ലഭ്യമായ Docket No. (File No.) ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന website വഴി അപേക്ഷയുടെ സ്ഥിതി അറിയാനുള്ള സംവിധാനം. 3. അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, MLA/MP, അക്ഷയകേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം. 4. പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പബ്ലിക് ലോഗിൻ സംവിധാനം. 5. അപേക്ഷകളുടെ pendency നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിൽ dashboard സംവിധാനം. 6. അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം. |

| | | | |
|---|---|---|---|
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ 2011-16 കാലത്തെയും 2016-21 കാലത്തെയും വിനിയോഗം സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 2011-16 കാലയളവിൽ ചികിൽസാ സഹായമായി 808,78,08,191/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2016-2021 കാലയളവിൽ ചികിൽസാ സഹായമുൾപ്പെടെ (ഓഖി, പ്രളയം, കോവിഡ്-19 തുടങ്ങിയ ദുരന്തങ്ങൾക്ക് നൽകിയ സഹായമുൾപ്പെടെ) 5712,43,36,006/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദുരിതാശ്വാസ നിധിയിൽ നിന്ന് ജില്ലാ കളക്ടർക്ക് അനുവദിക്കാമായിരുന്ന തുക 2,000/- രൂപയിൽ നിന്ന് 10,000/- രൂപയായും റവന്യൂ മന്ത്രിക്ക് 5,000/- രൂപ വരെയെന്നത് 25,000/- രൂപയായും മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാമായിരുന്ന 1 ലക്ഷം രൂപ 3 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000/- രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000/- രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് അധികാരം നൽകി. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000/- രൂപയും നൽകി വരുന്നുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | തികച്ചും കാര്യക്ഷമമായ ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഡോക്ടർമാർക്കായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ